**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4157** **18-07-2022 - ൽ മറുപടിയ്ക്ക്**

**കമ്പ്യൂട്ടർവത്കരണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം ആരംഭിച്ചതും ആരംഭിക്കാത്തതുമായ വകുപ്പുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രഷറി വകുപ്പ്, ഓഡിറ്റ് വകുപ്പ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് എന്നീ വകുപ്പുകളിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ബി) | കമ്പ്യൂട്ടർവൽക്കരണ നടപടികൾ നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | ട്രഷറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ ട്രഷറിക്ക് ആവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചു തരുന്നത് കേന്ദ്ര സർക്കാർ ഏജൻസി ആയ National Informatics Center (NIC) ആണ്. കൂടാതെ കമ്പ്യൂട്ടർ ഹാർഡ് വെയർ പരിപാലിക്കുന്നതിന് വേണ്ടി FMS വെണ്ടർ ആയി പുത്തൂർ ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി NIC-യുടെ മേൽനോട്ടത്തിലുള്ള NICSI Empanelled ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്<br><br>സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ കെൽട്രോൺ, സി-ഡിറ്റ്, ഐ.കെ.എം. എന്നീ ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്.<br><br>ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഏജന്റുമാർക്ക് പ്രതിഫലം വിതരണം ചെയ്യുന്ന EBT സോഫ്റ്റ് വെയർ പരിപാലനം NIC ആണ് നിർവ്വഹിച്ചു വരുന്നത്. E-Office സംവിധാനം ഐ.റ്റി.മിഷന്റെയും NIC യുടേയും സഹകരണത്തോടുകൂടി നിർവ്വഹിച്ചു വരുന്നു. പഞ്ചിംഗ് സംവിധാനം കെൽട്രോൺ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കമ്പ്യൂട്ടർവൽക്കരണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (സി) | ധനവകുപ്പിനു കീഴിൽ ട്രഷറി വകുപ്പിലും ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ട്. എന്നാൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും കെൽട്രോൺ വികസിപ്പിച്ച സോഫ്റ്റ് വെയർ വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമായിരുന്നില്ല.<br><br>സംസ്ഥാന ഓഡിറ്റ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണ നടപടികൾ കൈക്കൊണ്ടുവെങ്കിലും കേന്ദ്ര-സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് വകുപ്പിന്റെ സോഫ്റ്റ് വെയർ വികസന പദ്ധതികളിൽ കാലോചിതമായി അനിവാര്യമായ മാറ്റങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ വകുപ്പിനും സർക്കാരിനും ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾക്കും ജനങ്ങൾക്കും സമഗ്രമായി പ്രയോജനകരമായ ഒരു comprehensive data analytics & reporting management system using artifical intelligence നടപ്പിലാക്കാനുള്ള പ്രഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | ട്രഷറി വകുപ്പ്, ഓഡിറ്റ് വകുപ്പ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് എന്നീ വകുപ്പുകളിൽ ഈ ഇനത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.<br><br>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം പരിശോധിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഇ) | ട്രഷറി വകുപ്പ് , സംസ്ഥാന ഓഡിറ്റ് വകുപ്പ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് എന്നീ വകുപ്പുകളെ സംബന്ധിച്ച് ചോദ്യം എ-യുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.<br><br>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് NIC-യുടെ മേൽനോട്ടത്തിലുള്ള ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കി രണ്ട് വർഷത്തിനുള്ളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ